# മയൂഖം


THE
HIGH SCHOOL FOR GIRLS
പ്രവേശനോത്സവം
CHENNITHALA
MAVELIKARA

# മയൂഖം

## ആമുഖം

വിദ്യാർത്ഥികളുടെ തൂലികതുമ്പിൽ നിന്നും ഉതിർന്ന്,

ജ്വലിക്കുന്ന അക്ഷരങ്ങളാൽ ഉടലെടുത്തതാണ് "മയൂഖം".

അക്ഷരങ്ങൾക്ക് അതിർവരമ്പുകളില്ല, അവരവരുടേതായ

സർഗസൃഷ്ടികളെ കോറിവരച്ചിട്ടതാണ് മയൂഖം.

വിദ്യാഭ്യാസ കാലഘട്ടത്തിലെ പരിഭവങ്ങളും , സൗഹൃദവും

സ്നേഹവും, നൊമ്പരവും അവരുടെ നിറക്കൂട്ടുകളേയും ഒരേ

ചരടിൽ കോർത്തിണക്കി രചിച്ച മയൂഖം നിങ്ങളുടെ

മുൻപിലേക്ക് സമർപ്പിക്കുന്നു.......

# മയൂഖം

## ഉള്ളടക്കം

മയൂഖം......1

ചെറുതിരി......3

ഉപന്യാസം......5

പ്രകൃതി......7

ഡോ. എ. പി. ജെ. അബ്ദുൾ കലാം......8

മേരി ക്യൂറി......11

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം......16

ഭൂമി......19

എന്റെ പുലരികൾ......21

കൃഷിയുമായി ബന്ധപ്പെട്ട പഴംചൊല്ലുകൾ......24

സാമൂഹ്യ ശാസ്ത്ര ക്വിസ്......27

# മയൂഖം

## ചെറുതിരി

എൻ മനസ്സിൽ എരിയുന്ന തിരി
ഞാൻ ജ്വലിപ്പിക്കും
ഈ ഉലകത്തിൽ നന്മകൾക്കായ്
ഒരു കുമിള പോലുള്ള ജീവിതം
ജീവിച്ചു തീർക്കുന്നൊരീ മനുഷ്യർ തൻ
പാപക്കറകളെ തുടച്ചുനീക്കുവാൻ
ചൊരിയേണം നിൻ ആത്മദാനം നാഥാ
ഓരോ ചലനങ്ങളിലും
ഒരു പൈങ്കിളി തൻ കൊഞ്ചൽ പോൽ
നൈർമ്മല്യമുള്ളവരാകണം മനുഷ്യർ
പ്രകൃതിദേവത  തൻനിലനിൽപ്പിനായ്
കൊളുത്തേണം ഓരോ തിരി നാം
പ്രകാശപൂരിതം ആക്കേണം ഈ ഉലകം
അത് തന്നെ മനുഷ്യർ
തൻ കർത്തവ്യം.

ദേവിക എസ്സ്
9B

# മയൂഖം



# മയൂഖം

ഉപന്യാസം

## കേരളത്തിലെ നാടൻകലകൾ

ഭൂപ്രകൃതികൊണ്ടും കാലാവസ്ഥകൊണ്ടും ഐശ്വര്യം തിളങ്ങുന്ന നാടാണ് കേരളം .കാവ്യകളും നീർത്തടങ്ങളും ചെറിയ കുന്നുകളും നിറഞ്ഞ കേരളത്തിന്റെ മുഖശ്രീ തന്നെ നിരവധി കലാരൂപങ്ങൾക്കും ജന്മം നൽ കാൻ പോരാവുന്നതാണ് വൈവിധ്യമാർന്ന കലാരൂപങ്ങൾ പരിശോധിച്ചാൽ അവയെല്ലാം ജനങ്ങളുടെ സംസ്കൃതിയുമായി ബന്ധമുണ്ടെന്നും കാണാം.മാത്രമല്ല ,ഇവിടുത്തെ തൊഴിലും മതവുമായി ഈ കലാരൂപങ്ങൾക്ക് അഭേദ്യമായ ബന്ധമുണ്ട്.നിരവധി അനുഷ്ഠാനങ്ങളുടെ കേളീരംഗമാണ് കേരളം. ജനനം വിവാഹം മരണം. എന്നിവയുമായി ബന്ധപ്പെട്ട ചില കർമ്മങ്ങക്കും കേരളത്തിലെ നാടൻകലകളിൽ വേരുണ്ട്. പുരാതന മനുഷ്യന്റെ അഭിലാഷങ്ങളിൽ നാടൻകലകൾക്ക് സ്ഥാനമുണ്ട്.

# മയൂഖം



# മയൂഖം

## പ്രകൃതി

*നിത്യവും ഞങ്ങളെ  നോക്കിനടത്തുന്ന*
*പ്രകൃതി നിയെന്നമ്മയേല്ല*
*പിച്ച വച്ചിടട്ടെ ,നിൻകരം  നീട്ടുകില്ലേ*
*അമ്മേ  നിൻ കൈ ഞങ്ങൾക്ക് അഭയം*
*ജീവജാലങ്ങളെ  പോറ്റിവളർത്തുന്നൊ-*
*രമ്മേ നീയെത്ര ഭാഗ്യവതി*
*നിൻ മക്കൾ ഞങ്ങൾക്ക് സന്തോഷമേകുവാൻ*
*കാലങ്ങളോരോന്നായ് മാറ്റുന്നു നീ*
*കോപത്താൽ ഞങ്ങളെ നോക്കരുതേ*
*അക്രമമെല്ലാം ക്ഷമിക്കണമേ*
*നിൻ മക്കളാം ഞങ്ങളെ കാക്കേണമേ*

*ലിജി എസ് മറിയം*
*8A*

# മയൂഖം

ഡോ. എ. പി. ജെ. അബ്ദുൾ കലാം 1931-ല് തമിഴ്നാട്ടിലെ
രാമേശ്വരത്ത് ജനിച്ചു. അദ്ദേഹത്തിൻെറ മുഴുവൻ പേര് അവുല് പകിർ ജൈനുലബ്ദീൻ
അബ്ദുൾ കലാം. ജൈനുലബ്ദീന്റെയും ആഷിയാമ്മയുടെയും മകനാണ് കലാം. പിതാവിന്റെ അച്ചടക്കബോധവും സത്യസന്ധതയും മാതാവിന്റെ നന്മയിലുള്ള വിശ്വാസവും ആഴമേറിയ ദയയും അദ്ദേഹത്തെ ഒരു നല്ല വ്യക്തിത്വത്തിനുടമയാക്കിമാറ്റി. ജാതി മത ഭേദമില്ലാതെ എല്ലാവരെയും അദ്ദേഹം കൂട്ടുകാരാക്കിമാറ്റി. അദ്ദേഹത്തിൻെറ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു രാമനാഥശാസ്ത്രി. ചെറുപ്പത്തിൽ തന്നെ ആകാശത്തിലെ അത്ഭുതങ്ങളും പക്ഷികളുടെ പറക്കലും കലാമിനെ ഉത്തേജിപ്പിച്ചിരുന്നു. ടോള്സ്റ്റോയ്കലാം, സ്കോട്ട്, ഹാർഡി, എന്നിവരായിരുന്നു അദ്ദേഹത്തിൻെറ പ്രിയപ്പെട്ട സാഹിത്യകാരൻമാർ. ജല്ലാലുട്ടീനും സംസുദ്ദീനും കലാമിൻെറ ജീവിതത്തില് വലിയൊരു പങ്കുതന്നെയാണ് വഹിച്ചിരുന്നത്. പ്രശസ്തനായ മിസൈല് സാങ്കേതിക വിദഗ്ധനും എഞ്ചിനിയറുമായിരുന്ന അദ്ദേഹംഎഞ്ജിനിയറിംഗ് പഠനത്തിനു ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. ഇന്ത്യ തദ്ദേശീയമായിവികസിപ്പിച്ച സാറ്റൈറ്റലറ്റ് ലോഞ്ച് വെഹിക്കിളിൻെറയും ബാലിസ്റ്റിക്ക് നിസൈലിൻെറയും ഏകോപനത്തിനും മറ്റും അബ്ദുള് കലാം വിലപ്പെട്ട സംഭാവനകള് നല്കിയിട്ടുണ്ട് ഇന്ത്യയുടെ മിസൈല് മനുഷ്യൻ എന്നൊരു വിശേഷണം കലാമിനുണ്ട്. 2002-ല് ഭരണകക്ഷിയായിരുന്ന പ്രധാന പ്രതിപക്ഷ കക്ഷിയായിരുന്ന ഇന്ത്യൻ നാഷണല്

## മയൂഖം

കോൺഗ്രസ്സിൻെറയും പിൻതുണയോടെ അദ്ദേഹം രാഷ്ട്രപതി സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തൻെറ ജനകീയ നയങ്ങളാൽ "ജനങ്ങളുടെ രാഷ്ട്രപതി"എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007 ജൂലൈ 25-ന് സ്ഥാനമൊഴിഞ്ഞ ശേഷം തൻെറ ഇഷ്ടനേഖലകളായ അദ്ധ്യാപനം, എഴുത്ത്, പ്രഭാഷണം പൊതുജന സേവനം തുടങ്ങിയവയിൽ  ശ്രദ്ധ കേന്ദ്രീകരിച്ചു.

# മയൂഖം



## മയൂഖം

### മേരി ക്യൂറി



പട്ടിണിയോടു പടവെട്ടി രണ്ട് നൊബേൽ പുരസ്കാരമെന്ന മഹത്തായ നേട്ടം കൈ വരിച്ച വ്യക്തിയാണ് മേരി ക്യൂറി. 1867 നവംബർ 7-ന് പോളണ്ടിലെ വാഴ്സയിലാണ് മേരിക്യൂറി ജനിച്ചത്. അദ്ധ്യാപകരായ വ്ലാഡിസ്ലാവ് സ്ക്ലോഡോവ്സ്കയുടെയും ബ്രോണിസ്ലാവയുടെയും മക്കളിൽ ഇളയവളായിരുന്നു മാരിയ സ്ക്ലോഡോവ്സ്ക എന്ന മേരി ക്യൂറി. മേരിയെ മന്യ എന്നാണ് എല്ലാവരും വിളിച്ചിരുന്നത്. റഷ്യയിലെ സാർ ചക്രവർത്തിമാരുടെ ദുർഭരണ കാലത്ത് വളരെ ബുദ്ധിമുട്ടിയാണ് പോളണ്ടിലെ ജനങ്ങൾ ജീവിച്ചിരുന്നത്. ഇതിനെതിരെ ശബ്ദമുയർത്തിയ മേരിയുടെ അച്ചന് ജോലി നഷ്ടപ്പെട്ടു. മൂത്ത സഹോദരിയും അമ്മയും മേരിയുടെ ചെറുപ്പത്തിൽ തന്നെ മരിച്ചു.

പഠനത്തിലൂടെയാണ് മേരി പ്രതിസന്ധികൾക്കിടയിലും ആശ്വാസം കണ്ടെത്തിയിരുന്നത്. ചെറുപ്പത്തില് തന്നെ ഒരു ശാസ്ത്രജ്ഞയാകണം എന്നായിരുന്നു മേരിയുടെ ആഗ്രഹം. തൻെറ കുടുംബത്തിൻെറ അവസ്ഥ നന്നായ് മനസ്സിലാക്കിയിരുന്ന അവർ ഏറെ കാലം ജോലി ചെയ്ത് തൻെറ പഠനത്തിനായുള്ള പണം സ്വയം കണ്ടെത്തി. 1891-ൽ പാരിസിലെ സോർബോൺ സർവകലാശാലയിൽ ചേർന്നു ബിരുദവും ബിരുദാനന്തര ബിരുദവും റാങ്കോടുകൂടി പാസായി. 1895-ൽ സോർബോൺസർവകലാശാലയിലെ തന്നെ പ്രഫസറായിരുന്ന ഫ്രഞ്ച് ശാസ്ത്രജ്ഞൻ പിയറി ക്യൂറിയെ വിവാഹം കഴിച്ചു. പിന്നീട്

## മയൂഖം

ഇരുവരും ഒരുമിച്ചാണ് പരീക്ഷണങ്ങൾ നടത്തിയിരുന്നത്. അജ്ഞാത

മൂലകങ്ങൾ തേടിയുള്ള ഗവേഷണത്തെ ഡിറ്റക്ടീവ് വർക്ക് എന്നായിരുന്നുപിയറിവിശേഷിപ്പിച്ചിരുന്നത്.ആധുനിക

യന്ത്രസംവിധാനങ്ങളൊന്നും ഇല്ലാതിരുന്ന പരീക്ഷണ ശാലയിൽ ഇരുവരും അതികഠിനമായി അധ്വാനിച്ചാണ് തങ്ങളുടെ ഗവേഷണങ്ങൾ പൂർത്തീകരിച്ചിരുന്നത്.

1898 ജൂലൈയിൽ റേഡിയോ ആക്ടീവ് മൂലകമായ പൊളോണിയം കണ്ടെത്തി.

തൻെറ ജന്മനാടായ പോളണ്ടിനോടുള്ള ബഹുമാനസൂചകമായ ഈ പേരിട്ടത്.

1903-ൽ സോർബോൺ സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു.

മുൻപ് ശ്രമങ്ങൾ നടത്തിയെങ്കിലും 1910-ൽ ശുദ്ധമായ റേഡിയം വേർതിരിച്ചെടുത്തു.

തോറിയത്തിൻെറ റേഡിയോ ആക്റ്റീവതയും കണ്ടെത്തി. 1903-മേരി ക്യൂറിക്കും

ഭർത്താവ് പിയറി ക്യൂറിക്കും ഹെൻറി ബെകാറേലിനും ഊർജതന്ത്ര നൊബേൽ

സമ്മാനം ലഭിച്ചു. ശാസ്ത്രത്തിൽ നൊബേൽ സമ്മാനം നേടിയ ആദ്യ വനിതയാണ്

മേരി ക്യൂറി. റേഡിയത്തിൻെറ കണ്ടുപിടിത്തം വലിയ സംഭവമായി മാറിയിരുന്നു.

പല കമ്പനികളും ഈ കണ്ടുപിടിത്തം ഉപയോഗിച്ച് ധനികരായി എന്നാൽ പണം

മേരിയെയോ പിയറിയെയോ ഒരിക്കലും മോഹപ്പിച്ചിരുന്നില്ല. 1906-ൽ റോഡുമുറിച്ചു

## മയൂഖം

**കടക്കവേ പാഞ്ഞുവന്നൊരു കുതിര വണ്ടി പിയറിയുടെ ജീവനെടുത്തു. ഈ ദുരന്തത്തിന്റെ ആഘാതത്തിൽ നിന്ന് കരകയറാൻ നാളുകൾ എടുത്തെങ്കിലും**
**പതിയെപ്പതിയെ മേരി ഗവേഷണങ്ങളിലേക്ക് മടങ്ങിയെത്തി. സോർബോൺ സർവകലാശാലയിൽ ഊർജതന്ത്ര പ്രഫസറായി. 1914-ൽ പാരിസിലെ റേഡിയം**
**ഇൻസറ്റിറ്റ്യൂട്ടിലെ ക്യൂറി ലബോറട്ടറിയുടെ ഡയറക്ടറായി. മേരിയുടെയും പിയറിയുടെയും പാരമ്പര്യം തുടർന്നുകൊണ്ട് മൂത്തമകൾ ഐറിനും ശാസ്ത്രജ്ഞയായി.**
**എന്നാൽ ഇളയ മകൾ ഈവ് എഴുത്തുകാരിയും പത്രപ്രവർത്തകയും ആയിരുന്നു.**
**1935-ൽ രസതന്ത്ര നൊബേൽ സമ്മാനത്തിന് ഐറിൻ ജോലിയോ ക്യൂറിയും ഭർത്താവ് ഫ്രെഡറിക് ജോലിയോ ക്യൂറിയും അർഹരായി. മേരി ക്യൂറിയുടെ** ഓർമയ്ക്കായാണ് ആവർത്തന പട്ടികയിൽ അറ്റോമിക നമ്പർ 96 ഉള്ള മൂലകത്തിന്
ക്യൂറിയും എന്ന പേര് നൽകിയത്. മേരിക്ക് രസതന്ത്ര നൊബേൽ സമ്മാനം ലഭിച്ചതിന്റെ നൂറാം വാർഷികമായിരുന്ന 2011-ൽ യു. എൻ രാജ്യാന്തര രസതന്ത്ര
വർഷമായി ആചരിച്ചു. ഒരു സ്ത്രീയായതുകൊണ്ട് ഒരുപാട് പരിഹാസങ്ങളും പരീക്ഷകളും നേരിട്ടാണ് മേരി ക്യൂറി എന്ന മഹത് വനിത ജീവിത വിജയം കൈവരിച്ചത്. റേഡിയോ ആക്റ്റീവ് പദാർഥങ്ങളുമായുള്ള നിരന്തരമായ സമ്പർക്കം
മൂലം മേരി അപ്ലാസ്റ്റിക് അനീമിയ എന്നരോഗത്തിന് അടിമയായി. മേരി ക്യൂറിക്കെതിരെ

## മയൂഖം

**നിന്നവരോടൊക്കെ ശക്തമായി തന്നെ മേരിയുടെ സുഹൃത്തും ഗവേഷകനുമായിരുന്ന**
**ആൽബർട്ട് ഐൻസ്റ്റൻ പ്രതിഷേധിക്കുകയും മേരിക്ക് ധൈര്യം നൽകുകയും ചെയ്തിരുന്നു.1934 ജൂലൈ 4-ന് രോഗം കൂടിയതിനെ തുർന്ന് ഫ്രാൻസിലെ**
**സോവോയിൽവച്ച് ഈ ലോകത്തോട് വിട പറഞ്ഞു.**

ലിയ എൽസാ ബിജു
9 B

# മയൂഖം



# മയൂഖം

## മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം

പ്രകൃതി നമ്മുടെ അമ്മയാണ്.പ്രകൃതി സത്യത്തേയും സന്തോഷത്തേയും വിശുദ്ധിയേയും ഒന്നിപ്പിക്കുന്നു. അനശ്വരമായ പ്രകൃതിയെക്കുറിച്ചുള്ള മനുഷ്യന്റെ അജ്ഞത മാത്രമാണ് അസന്തുഷ്ടിയുടെ ഹേതു.അതിപുരതനകാലം മുതക്കേ മനുഷ്യൻ പ്രകൃതിയുടെ അമൂല്യമായ സംഭാവനകളെ ഒരു ദിവസം അപ്രത്യക്ഷമാകുമെന്നുള്ള വസ്തുത മനുഷ്യൻ സൗകര്യപൂർവ്വം വിസ്മരിക്കുന്നു .മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ വേണ്ടി വനങ്ങൾ നിർദ്ദയം നശിപ്പിക്കപ്പെടുന്നു. കാട്ടുകൾ ഇല്ലാതാക്കുന്നതോടെ നമ്മുടെ ചുറ്റപാടുകളെല്ലാം കോൺക്രീറ്റ് വനങ്ങളായി മാറുന്നു.പ്രകൃതിയുടെ സംരക്ഷണ വലയമായ ഓസോൺപാളി ശോഷിച്ചുകൊണ്ടിരിക്കുന്നു.ഇത് ആഗോളതാപനത്തിന്റെ രൂപത്തിൽ ലോകജനസംഖ്യയുടെ പകുതിയെങ്കിലും ദോഷകരമായി ബാധിക്കും. ഇതിനൊക്കെ പുറമെ മുമ്പൊരിക്കലുമുണ്ടാകാത്ത തരത്തിൽ നാം വായുവും വെള്ളവും മലിനമാക്കി. ഇനിയൊരിക്കലും പുനസൃഷ്ടിക്കാൻ കഴിയാത്ത വിധത്തിൽ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിയുടെ വെല്ലുവിളികൾ നേരിടുന്നതിൽ മനുഷ്യൻ നേരിടുന്ന വിജയത്തെ മനുഷ്യന്റെ പുരോഗതിയുടെ മാനദണ്ഡമായി സ്വീകരിക്കാറുണ്ട്. എന്നാൽ വ്യവസായത്തിന്റേയും. സാങ്കേതികതയുടേയും രംഗങ്ങളിൽ ഉണ്ടാകുന്ന നേട്ടങ്ങളുടെ പാർശ്വഫലങ്ങൾ പതുക്കെപ്പതുക്കെ പരിസ്ഥിതിയെ ബാധിക്കുകയും

# മയൂഖം

മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുകയും ചെയ്യുന്നു.കൂടുതൽ കൈയേറ്റങ്ങളെ നേരിടാനുള്ള വിശാലമനസ്കത പ്രകൃതിയ്ക്ക് ഇല്ലെന്ന് തോന്നുന്നു. പ്രകൃതിയുമൊത്ത് കൈകോർത്ത് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത മനുഷ്യൻ തിരിച്ചറിഞ്ഞിരിക്കുന്നു. ഭൂമിയെ ഇനിയും മാനഭംഗപ്പെടുത്തുന്നത് അവൻ ഒരിക്കലും പൊറുക്കുകയില്ല. ഈ ഘട്ടത്തിലാണ് മനുഷ്യന്റെ സൗന്ദര്യബോധം അവന്റെ രക്ഷയ്ക്കെത്തുന്നത് എല്ലാത്തിനുമുപരിയായി മനുഷ്യൻ വ്യാവസായിക പുരോഗതി കൈവരിക്കൻ ശ്രമിക്കുന്നത് ഈ ലോകത്തെ  കൂടുതൽ മികച്ചതും സുന്ദരവും സുഖപ്രദവുമായ ഒരു സ്ഥലമാക്കി മാറ്റുന്നതിനും വേണ്ടിയാണ്. അധികാരത്തിനുംസമ്പൽസമൃദ്ധിക്കും വേണ്ടിയുള്ള ഭ്രാന്തമായ പാച്ചിലിനിടിയിൽ പ്രകൃതി വിഭവങ്ങൾ  നശിപ്പിച്ചു കൊണ്ടിരിക്കുന്നു.

# മയൂഖം



മയൂഖം

# ഭൂമി

ഞാൻ ജനിച്ചൊരു ഭൂമി
ഭൂമിയാണെൻ്റെ ആദ്യ അമ്മ
ഭൂമിയിൽ വന്നപ്പൊഴെൻ
ശ്വാസമായി വന്നൊരു അമ്മ

ഞാൻ പിച്ചവെച്ചു നടന്നപ്പോൾ
മുതൽ പച്ചപ്പുനിറഞ്ഞ ഭൂമിയാണ്
ഞാൻ കണ്ടു വളർന്നത്

സ്നേഹമെന്തന്നു പഠിപ്പിച്ച്
എൻ്റെയീ ഭൂമിയിൽ വന്നാണ്
താങ്ങും തണലുമായി വന്നൊരു
ഭൂമി ഇന്നെൻ്റെ രണ്ടാമത്തെ
അമ്മയാണ് ഇന്നെൻ്റെ ലോകത്തിൽ.

By,
Anju Santhosh
8 B

## മയൂഖം



## എന്റെ പുലരികൾ

*ഇരുമിന്നാമിന്നിപറന്നുവന്നു!*

*ഒരുമഞ്ഞുതുള്ളിതൻ*
*ലോലതപോലെയെൻ*
*നെറുകയിൽ മെല്ലെയിണങ്ങിവന്നു!*

*എൻഹൃദയത്തിൽ തുടിപ്പ്പോലെവനുടെ*
*മിഴികളും ചൊടിയും ജ്വലിച്ചിടുന്നു!*

*എന്നിലെ മോഹവും സ്വപ്നവും പോലെയാ*
*വിൺകലാ ശില്പമിളകിടുന്നു!*

*നാവിലുണരുമാച്ചോദ്യങ്ങളൊക്കെ ഞാൻ*
*മൂകമായ മെല്ലെയണച്ചു നച്ചു.*

*എന്നിലെ ചിന്തനൻ തീക്ഷ്ണതയവനുടെ*
*സ്നിഗ്ദ്ധ സൗന്ദര്യമണച്ചീടിലോ?*

*ഒരു ചെറു സന്ദേഹമുരുവിട്ടു ഞാൻ മെല്ലെ-*

*യാരുനീ ഒരു കാമദേവനേപ്പോൽ!*

*ഒരു താരകണികതൻ പാൽക്കിനാക്കുടവമാ-*

# മയൂഖം

*യെന്തിനീ തീരത്തലോടിയെത്തി?*

*ജിജ്ഞാസയൂറുമെന്നിമകളിൽ നോക്കിയാ-*

*ഗന്ധർവ്വരൂപൻ മൊഴിഞ്ഞുമെല്ലെ ;*

*നിന്നുടെ പൂജാദലങ്ങൾക്കുപിന്നിലെ*
*ജീവനെഴും മൂർത്തിയായിരുന്നു ഞാൻ!*

*അന്നു നിൻ തപ്കമാം സ്വപ്നങ്ങളേന്തിയാ*
*നീഹാരലോലയാം പുലരിയും ഞാൻ തന്നെ!*

*നിന്നുടെ തീഷ്ണമാം സ്വപ്നങ്ങളൊക്കെയും-*

*മീറനണിയിച്ച മാരിയും ഞാൻ തന്നെ!*

*നീയന്നു പാപം ചെരിഞ്ഞ നദിയിലായ്*
*നീന്തിത്തുടിക്കുന്നാരോളവും ഞാൻ തന്നെ!*

*കണ്ണുകൾ മെല്ലെയുണർന്നു ;*

*ഞാനെൻ്റ ശയ്യയിലോടിയണഞ്ഞു.*

*ഈ രാത്രിയെന്നെത്തുറിച്ചു നോക്കിടുന്നു ;*

*എൻ്റയശുദ്ധമാമിന്നലെകൾ !*

*ഞാനിന്നുണയമീപ്പൊയം മുഖങ്ങൾ ;*

*പിന്നെയീ പാപദണ്ഡാരവും ശേഷിപ്പൂ !*

*ഒരു പുതിയ പുലരിപാപങ്ങളേൽക്കുവാൻ*
*ചുട്ടുനെടുവീർപ്പോടെ കാത്തിടുന്നു*

*ദേവിക എസ്സ്*
*ലിയ എൽസ ബിജു*
*അമൃത ലക്ഷ്മി എസ്സ്*
*9 B*

# മയൂഖം



# മയൂഖം

## കൃഷിയുമായി ബന്ധപ്പെട്ട പഴംചൊല്ലുകൾ

1.വിത്തുഗുണം പത്തു ഗുണം

2.വേലി തന്നെ വിളവുതിന്നുക

3. പതിരില്ലാതേ കതിരില്ല

4. ചുണ്ടക്ക കൊടുത്ത് വഴുതനങ്ങ വാങ്ങുക

മയൂഖം

5. തിന വിതച്ചാൽ തിന കൊയ്യും വിന വിതച്ചാൽ വിന കൊയ്യും

6. വിതച്ചത് കൊയ്യും

7. അടയ്ക്കയായാൽ മടിയിൽ വയ്ക്കാം അടയ്ക്കാമരം ആയാലോ

8. പത്തായത്തിൽ നെല്ലുണ്ടെങ്കിൽ എലി വയനാട്ടിൽ നിന്നും വരും

9. ഇരു മുറി പത്തായത്തിൽ ഒരു മുറി വിത്തിന്

## മയൂഖം

10. കള പറിച്ചാൽ കളം നിറയും

11. അടുത്ത് നട്ടാൽ അഴക് അകലെ നട്ടാൽ വിളവ്

12. കണ്ണീരിൽ വിളഞ്ഞ വിദ്യയും വെണ്ണീരിൽ വിളഞ്ഞ നെല്ലും

# മയൂഖം

## സാമൂഹ്യ ശാസ്ത്ര ക്വിസ്

1. ഇന്ത്യയിൽ തപാൽ സംവിധാനം നടപ്പിലാക്കിയ ഗവർണർ ജനറൽ?

ഉ: ഡൽഹൗസി പ്രഭു

2. ഹെർമൻ ഗുണ്ടർട്ട് എഴുതിയ കേരള ചരിത്ര ഗ്രന്ഥം ഏതാണ്?

ഉ: കേരളപ്പഴമ

3. മൂഷക വംശത്തിന്റെ ആസ്ഥാനം?

ഉ: ഏഴിമല

4. ആദ്യ ജൈനമത സമ്മേളനം നടന്നതെവിടെ?

ഉ: പാടലിപുത്ര

5. ശ്രീബുദ്ധൻ ആദ്യമായി പ്രഭാഷണം നടത്തിയതെവിടെ?

ഉ: സാരാനാഥ്

6. കേരളസിംഹം എന്നറിയപ്പെടുന്ന രാജാവ്?

ഉ: കേരളവർമ (പഴശ്ശിരാജ)

7. ഇന്ത്യയിലെ ഏറ്റവും വിസ്തൃതിയുള്ള സംസ്ഥാനം ഏത്?

ഉ: രാജസ്ഥാൻ

8. വന്ദേമാതരം രചിച്ചതാര്?

ഉ: ബങ്കിംഗ് ചന്ദ്ര ചാറ്റർജി

# മയൂഖം

9. ഇന്ത്യയുടെ ദേശിയ പതാകയായ ത്രിവർണക്കൊടി രൂപകൽപ്പന ചെയ്തതാര്?

ഉ: പിങ്കലി വെങ്കയ്യ

10. അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കേരളത്തിലെ പ്രദേശം ഏതാണ്?

ഉ: കൊച്ചി

11. കേരളത്തിൽ ഏറ്റവും കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുന്ന ജില്ല ഏത്?

ഉ: പാലക്കാട്

12. ലോക പരിസ്ഥിതി ദിനം എന്നാണ്?

ഉ: ജൂൺ 5

13. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ആര്?

ഉ: ജവഹർലാൽ നെഹറു

14. കേരളത്തിൽ ഉൽഭവിച്ച് കർണാടകയിലേക്ക് ഒഴുകുന്ന ഒരു നദി?

ഉ: കബനി

15. കേരള കലാമണ്ഡലം തൃശ്ശൂരിൽ സ്ഥാപിച്ച മഹത് വ്യക്തി ആരായിരുന്നു?

ഉ: വള്ളത്തോൾ നാരായണ മേനോൻ

# മയൂഖം

16. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടൽ തീരമുള്ള സംസ്ഥാനമേത്?

ഉ: ഗുജറാത്ത്

17. ലോകത്തെ ഏറ്റവും നീളം കൂടിയ നദി?

ഉ: നൈൽ നദി

18. കേരളത്തിലെ ആദ്യ ജലവൈദ്യുത പദ്ധതി?

ഉ: പള്ളിവാസൽ

ലിയ എൽസാ ബിജു

9B